LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം

206(2562) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം ഗവൺമെന്റ് ഡബ്ല്യു.എൽ.പി.എസ്, ഗവൺമെന്റ് എൽ.പി.എസ്. എന്നിവയുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗവൺമെന്റ് എൽ.പി.എസ്. താമരക്കുളത്തിന്റെ വികസനത്തിനായി അൺഫിറ്റായ കെട്ടിടം പൊളിച്ചുനീക്കുന്നതിന് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ താമരക്കുളം ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഡബ്ല്യു.എൽ.പി. സ്കൂളിന് അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് നൽകിയിട്ടില്ല.

(ബി) ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചതെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരവും വിശദമാക്കാമോ?

6-2-2021-ൽ ഗവൺമെന്റ് എൽ.പി.എസ്. താമരക്കുളത്തിന് ആസ്തി വികസന ഫണ്ടിൽ നിന്നും 59 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കുന്നത്തങ്ങാടി സർക്കാർ യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണം

207(2563) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അരിമ്പൂർ പഞ്ചായത്തിലെ കുന്നത്തങ്ങാടിയിൽ പ്രവർത്തിക്കുന്ന സർക്കാർ യു.പി. സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

അരിമ്പൂർ പഞ്ചായത്തിലെ കുന്നത്തങ്ങാടിയിൽ പ്രവർത്തിക്കുന്ന സർക്കാർ യു.പി. സ്കൂളിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സൈറ്റ് കൈമാറിയിട്ടുണ്ട്.

(ബി) പുതിയ കെട്ടിടത്തിൽ എത്ര ക്ലാസ്സ് മുറികൾ ഉണ്ടാകുമെന്ന് അറിയിക്കാമോ?

2 നില കെട്ടിടം - 6 ക്ലാസ്സ് മുറികൾ.

(സി) പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് എത്രയാണെന്നും എന്ന് പണി പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

1 കോടി രൂപ - 2022 ഡിസംബറിൽ